**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

## പ്രധാനമന്ത്രി ആവാസ് യോജന

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 129 — 06-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ഗ്രാമീൺ ആവാസ് യോജന, പ്രധാനമന്ത്രി ആവാസ് യോജന (നഗരം) എന്നീ പദ്ധതികളിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഗ്രാമപ്രദേശങ്ങളിലുള്ള എല്ലാ ഭവന രഹിതർക്കും, തീർത്തും മോശമായതോ ജീർണ്ണാവസ്ഥയിലായതോ ആയ വീട്ടിൽ താമസിക്കുന്നവർക്കും 2022 വർഷത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതും ഗുണ നിലവാരം ഉള്ളതുമായ വീട് നൽകുക എന്നതാണ് പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ ദീർഘകാല ലക്ഷ്യം. 2018-19 വർഷത്തോടെ മുകളിൽപ്പറഞ്ഞ ലക്ഷ്യ വിഭാഗങ്ങൾക്കായി ഒരു കോടി ഗുണനിലവാരമുള്ള വീടുകൾ നിർമ്മിക്കുക എന്നതാണ് പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ)-യുടെ അടിയന്തിര ലക്ഷ്യം.<br>2022 വർഷത്തോടെ നഗരപ്രദേശങ്ങളിൽ താമസിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി പാർപ്പിടം എന്നതാണ് പ്രധാൻമന്ത്രി ആവാസ് യോജന (നഗരം) പദ്ധതിയുടെ ലക്ഷ്യം.<br>**ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം/ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം, അഫോർഡബിൾ ഹൗസിംഗ് സ്കീം, ചേരിവികസനം എന്നീ 4 ഘടകങ്ങളിലൂടെയാണ് എല്ലാവർക്കും ഭവനമെന്ന ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.** |
| (ബി) | പ്രസ്തുത പദ്ധതികളിലേക്ക് ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്; | (ബി) | പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിലേയ്ക്കുള്ള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ ഭവനരഹിതരായി ഉൾപ്പെട്ടിട്ടുള്ളവരിൽ നിന്ന് താഴെപ്പറയുന്ന |

| | | | |
|---|---|---|---|
| | അതിനുള്ള മാനദണ്ഡമെന്താണ്: | | വരെ ഒഴിവാക്കിക്കൊണ്ടാണ്.<br><br>a). യന്ത്രവൽകൃത രണ്ടുചക്ര/മൂന്നുചക്ര/നാലുചക്ര വാഹനമോ യന്ത്രവൽകൃത മീൻപിടുത്ത യാനങ്ങളോ ഉള്ളവർ<br>b). യന്ത്രവൽകൃത മൂന്നുചക്ര/നാലുചക്ര കാർഷിക ഉപകരണങ്ങൾ ഉള്ളവർ<br>c). 50,000/- രൂപയോ അതിൽ കൂടുതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ളവർ<br>d). സർക്കാർ ജീവനക്കാർ ഉള്ള കുടുംബം<br>e). സർക്കാർ കാർഷികേതര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ<br>f). പ്രതിമാസം 10,000/- രൂപയിൽ കൂടുതൽ നേടുന്ന ഏതെങ്കിലും അംഗങ്ങൾ ഉള്ള കുടുംബങ്ങൾ<br>g). തൊഴിൽ നികുതി നൽകുന്നവർ ഉള്ള കുടുംബം<br>h). റെഫ്രിജിറേറ്റർ ഉള്ള കുടുംബം<br>I). ലാന്റ് ലെയിൻ ഫോൺ ഉള്ള കുടുംബം<br>j). സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണ മുള്ള രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യം ഉള്ള ഭൂമിയുള്ള കുടുംബം<br>k). രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിള വെടുക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ജല സേചന സൗകര്യമുള്ള ഭൂമിയുള്ള കുടുംബം<br>l). ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടുംബം<br><br>**പ്രധാനമന്ത്രി ആവാസ് യോജന (നഗരം) പദ്ധതി പ്രകാരം**<br><br>**ഇപ്പോൾ 2 ഘടകങ്ങൾ മാത്രമാണ് കേരളത്തിൽ നടപ്പിലാക്കി വരുന്നത്.**<br><br>**1. സ്വന്തമായി നഗരപ്രദേശത്ത് 1 സെന്റ് ഭൂമി എങ്കിലും സ്ഥലമുള്ളവർക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്ന ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം.**<br><br>**<u>മാനദണ്ഡങ്ങൾ</u>**<br>**a. നഗര പ്രദേശത്ത് സ്ഥിരമായി 3 വർഷക്കാലമായി കുടുംബമായി** |

താമസിക്കുന്നവർ.

b. വാർഷിക കുടുംബവരുമാനം 3 ലക്ഷത്തിന് താഴെയുള്ളവർ

c. സ്വന്തമായി സ്ഥലം ഉള്ളവർ

d. ഭാരതത്തിൽ ഒരിടത്തും സ്വന്തമായി ഭവനമില്ലാത്തവർ

ഭവന വിപുലീകരണത്തിനും നിബന്ധനകൾക്ക് വിധേയമായി പി.എം. എ.വൈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കാവുന്നതാണ്. വാർഡ് സഭ മുഖേന തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

2. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സിഎൽഎസ്എസ്)

<u>മാനദണ്ഡങ്ങൾ</u>

1. ഇൻഡ്യയിൽ ഒരിടത്തും സ്വന്തമായ ഭവനം ഇല്ലാത്ത കുടുംബം

2. കുറഞ്ഞത് മൂന്ന് വർഷമായി നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബമായിരിക്കണം. ഇത്തരത്തിൽ മാന ദണ്ഡം പാലിക്കുന്ന കുടുംബങ്ങൾക്ക് ബാങ്കുകൾ മുഖേന ഭവന നിർമ്മാണത്തിന്/ഭവനം വാങ്ങുന്നതിന് പലിശ സബ്സിഡിയോടുകൂടി താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി വായ്പ നൽകുന്നു.

| വിഭാഗം | വാർഷിക വരുമാന പരിധി | അനുവദനീയമായ കാർപ്പെറ്റ് ഏരിയ | പലിശ സബ്സിഡി ലഭ്യമാകുന്ന പരമാവധി വായ്പ തുക | പലിശ സബ്സിഡി (%) |
|---|---|---|---|---|
| EWS-സാമ്പത്തിക പിന്നാക്ക വിഭാഗം | 3 ലക്ഷം | 60 ച.മീ | 6 ലക്ഷം | 6.5% |
| LIG-താഴ്ന്ന വരുമാന വിഭാഗം | 3-6 ലക്ഷം | 60 ച.മീ | 6 ലക്ഷം | 6.5% |
| MIG 1 - ഇടത്തരം വരുമാന വിഭാഗം | 6-12 ലക്ഷം | 120 ച.മീ | 9 ലക്ഷം | 4% |
| MIG 2 - ഇടത്തരം വരുമാന വിഭാഗം | 12-18 ലക്ഷം | 150 ച.മീ | 12 ലക്ഷം | 3% |

ഇത്തരത്തിലുള്ള ഗുണഭോക്താക്കളിൽ ബാങ്ക് നിഷ്കർ

| | | | |
|---|---|---|---|
| | | | ഷിക്കുന്ന രേഖകൾ ഹാജരാക്കാൻ കഴിയുന്ന എല്ലാവർക്കും, കുറഞ്ഞ പലിശനിരക്കിൽ ഭവനം നിർമ്മിക്കുന്നതിനും, വാങ്ങിക്കുന്നതിനും, ബാങ്കിൽ നിന്നും വായ്പലഭിക്കുന്നതാണ്. വായ്പകളുടെ തിരിച്ചടവ് കാലാവധി പരമാവധി 20 വർഷം ആയിരിക്കും. പദ്ധതി ഗുണഭോക്താക്കൾക്ക് പലിശ സബ്സിഡിക്ക് അർഹതയുള്ള തുകയിൽ കൂടുതൽ ബാങ്കിൽ നിന്ന് വായ്പയെടുക്കാവുന്നതാണ്. എന്നാൽ കൂടുതലായി എടുക്കുന്ന തുകയ്ക്ക് പലിശ സബ്സിഡി ലഭിക്കുന്നതല്ല. |
| (സി) | കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്നറിയിക്കാമോ; | (സി) | പി.എം.എ.വൈ (ജി) യുടെ മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവിനെ കണ്ടെത്തുന്നത് സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റ് പ്രകാരമാണ്. എന്നാൽ ഈ ലിസ്റ്റിൽ മതിയായ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ അർഹരായ ഗുണഭോക്താക്കളെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിന് പുറത്തുനിന്നും തെരഞ്ഞെടുക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് മാനദണ്ഡപ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഇത്തരം ഗുണഭോക്താക്കളെ ഗ്രാമസഭയുടെ അംഗീകാരത്തോടെ ആവാസ് സോഫ്റ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനും കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലൈഫ് മിഷൻ തയ്യാറാക്കിയ ഭവന രഹിതരുടെ ലിസ്റ്റിൽ നിന്നും സാമൂഹിക സാമ്പത്തിക ജാതി സെൻസസ് മാനദണ്ഡപ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>കൂടാതെ താഴെപ്പറയുന്ന വിഷയങ്ങൾകൂടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>1. ജനറൽ കാറ്റഗറിയിൽ കൂടുതൽ ഭവന നിർമ്മാണം നടത്തുന്നതിന് അനുമതി നൽകുക<br>2. യന്ത്രവൽകൃത ഇരുചക്ര വാഹനങ്ങൾ, റഫ്രിജറേറ്റർ എന്നീ മാനദണ്ഡങ്ങൾ ഒഴിവാക്കുക<br>3. ലൈഫ് മിഷൻ തയ്യാറാക്കിയ ഭവനരഹിതരുടെ ലിസ്റ്റിൽ |

| | | | |
|---|---|---|---|
| | | | നിന്നും മേൽപ്പറഞ്ഞ യന്ത്രവൽകൃത ഇരുചക്ര വാഹനങ്ങൾ, റഫ്രിജറേറ്റർ എന്നീ മാനദണ്ഡങ്ങൾ ഒഴിവാക്കി മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങൾ പാലിച്ച് പി.എം.എ.വൈ. (ജി) യിലേയ്ക്കുള്ള പുതിയ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കാൻ അനുമതി നൽകുക<br>**4.** ഓഖി ചുഴലിക്കാറ്റിനോടനുബന്ധിച്ച് ഭവനങ്ങൾക്കുണ്ടായ വ്യാപകമായ നാശനഷ്ടങ്ങൾ പരിഗണിച്ച് സർക്കാർ സമർപ്പിച്ചിട്ടുള്ള അധിക ധനസഹായം (Supplementary assistance) സംബന്ധിച്ച പ്രൊപ്പോസലിന് അംഗീകാരം നൽകുക. |
| (ഡി) | 2019 ൽ ഈ പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | (ഡി) | 2018-19 സാമ്പത്തിക വർഷം പി.എം.എ.വൈ (ജി) പദ്ധതിയിൽ കേന്ദ്ര സർക്കാർ വീടുകൾ അനുവദിച്ചിട്ടില്ല<br>**2019-ൽ ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണത്തിൽ മുൻ വർഷങ്ങളിൽ അനുമതി ലഭിച്ചതുൾപ്പെടെ 80,000 ഭവനങ്ങളും ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിൽ 10,000 ഭവനങ്ങളും നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.** |
| (ഇ) | പ്രധാനമന്ത്രി ഗ്രാമീൺ ആവാസ് യോജനയിൽ കേന്ദ്രസഹായത്തോടെ പണിയുന്ന വീടുകളെ സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിടപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | പി.എം.എ.വൈ (ജി) ഭവന പദ്ധതിയിൽ നിർമ്മിക്കുന്ന വീടുകൾ സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ ഭവന പദ്ധതിയായ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി പ്രകാരം വീടൊന്നിന് 4,00,000/- രൂപയാണ് അനുവദിക്കുന്നത്. എന്നാൽ PMAY (G) പ്രകാരം ഒരു വീടിന് 1,20,000/- മാത്രമാണ് യൂണിറ്റ് കോസ്റ്റ്. ബാക്കി വരുന്ന 2,80,000/- രൂപ ലൈഫ് പദ്ധതി പ്രകാരം നൽകുന്നു. |

**സെക്ഷൻ ഓഫീസർ**